മി. സ്പീക്കർ: ഓർഡർ............ ഓർഡർ............

**ചരമോപചാരം**

## കാനത്തിൽ ജമീലയുടെ നിര്യാണം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയിൽ കൊയിലാണ്ടി മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന നിയമസഭാംഗവും സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ കമ്മിറ്റി അംഗവുമായിരുന്ന കാനത്തിൽ ജമീല 2025 നവംബർ 29-ന് അന്തരിച്ചു. 1966 മെയ് 05-ന് കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ടി. കെ. ആലിയുടെയും മറിയത്തിന്റെയും മകളായാണ് ജനനം. ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ മൂന്ന് തലങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധിയെന്ന നിലയിൽ ഭരണമികവ് തെളിയിച്ചതിനുശേഷമാണ് കാനത്തിൽ ജമീല നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടത്. തലക്കുളത്തൂർ പഞ്ചായത്ത് പ്രസിഡന്റ്, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ ഉത്തരവാദിത്വങ്ങൾ മാതൃകാപരമായാണ് നിറവേറ്റിയത്. ജില്ലയുടെ സമഗ്ര വികസനത്തിന് അടിത്തറയിട്ട കാലഘട്ടമായിരുന്ന കാനത്തിൽ

ജമീലയുടേത്. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷന്റെ സജീവ പ്രവർത്തകയായിരുന്ന ജമീല, സ്ത്രീശാക്തീകരണത്തിന്റെ വഴിത്താരകളിലൂടെ മുന്നോട്ടുപോയി. സി.പി.ഐ.(എം) ജില്ലാ കമ്മിറ്റി അംഗം എന്ന നിലയിൽ പാർട്ടിയുടെ കരുത്തുറ്റ വനിതാമുഖമായി അവർ നിറഞ്ഞുനിന്നു. ജനകീയ പ്രശ്നങ്ങളിൽ ജനപക്ഷത്തുനിന്ന് വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിച്ചിരുന്ന കാനത്തിൽ ജമീല, 2021-ൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെയാണ് കൊയിലാണ്ടി മണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. സ്ത്രീസ്വത്വത്തിന്റെ ഉന്നമനത്തിനും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്കെത്തിക്കാനും ജീവിതം മാറ്റിവച്ച നേതാവായിരുന്നു ജമീല. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ അവർ കൊണ്ടുവന്ന പദ്ധതികൾ ഇന്നും മാതൃകയായി തുടരുന്നു. കുടുംബശ്രീ പ്രസ്ഥാനത്തെ കോഴിക്കോട് ജില്ലയിൽ ശക്തിപ്പെടുത്തുന്നതിൽ അവർ വഹിച്ച പങ്ക് നിസ്തുലമാണ്. സാംസ്കാരിക കൂട്ടായ്മകളിൽ സജീവ സാന്നിധ്യമായിരുന്നു ജമീല. മതസൗഹാർദ്ദത്തിനും മാനവികതയ്ക്കും ഉന്നത മൂല്യം നൽകി. കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ

ഭൂപടത്തിൽ സ്ത്രീകളുടെ സ്വരം ഉയർത്തുന്നതിൽ അവർ എന്നും മുൻപന്തിയിലായിരുന്നു. മണ്ഡലത്തിലെ വിഷയങ്ങൾ ഉൾപ്പെടെയുള്ളവ സഭയിൽ ഉന്നയിക്കുകയും സ്ത്രീകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചയാവുമ്പോൾ വളരെ ശക്തമായി ഇടപെട്ട് സംസാരിക്കുകയും ചെയ്തിരുന്നു. അവർ സഭയിലെ ഇടതുപക്ഷത്തിന്റെ ശക്തരായ വക്താക്കളിലൊരാളായിരുന്നു. ഭരണാധികാരി എന്ന നിലയിൽ സ്ത്രീകളുടെയും സാധാരണക്കാരുടെയും ഉന്നമനത്തിനായി ഒട്ടേറെ മാതൃകാപരമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും ജമീല നേതൃത്വം വഹിച്ചു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ വൃക്കരോഗികൾക്കായി ആവിഷ്കരിച്ച 'സ്നേഹസ്പർശം' പദ്ധതി അന്താരാഷ്ട്ര തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. നിർധനരായ രോഗികൾക്ക് വലിയൊരളവുവരെ ആശ്വാസം പകരാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞു. കൂടാതെ സ്ത്രീകളുടെ മാനസിക-ശാരീരിക ആരോഗ്യം മുൻനിർത്തിയുള്ള 'ഷി പാഡ്' പദ്ധതി, സ്കൂളുകളിൽ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്ന 'വിജയഭേരി' പോലുള്ള വിദ്യാഭ്യാസ പദ്ധതികൾ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സഹായം നൽകുന്ന 'ജീവജ്യോതി' പദ്ധതി  തുടങ്ങിയവയും ജമീലയുടെ ഭരണകാലത്ത്

നടപ്പാക്കിയിരുന്ന പദ്ധതികളിൽ ചിലതാണ്. എം.എൽ.എ. എന്ന നിലയിൽ കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ വികസനത്തിനും കുടിവെള്ള പ്രശ്ന പരിഹാരത്തിനുംവേണ്ടി നിയമസഭയിൽ നിരന്തരം ശബ്ദമുയർത്തിയ ജമീല, കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാവർക്കും പ്രിയങ്കരിയായിരുന്നു. മികച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനുള്ള സംസ്ഥാന സർക്കാരിന്റെ അംഗീകാരമുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അവരുടെ ഭരണമികവിനെ തേടിയെത്തിയിട്ടുണ്ട്. ലാളിത്യമായ പെരുമാറ്റവും കർക്കശമായ രാഷ്ട്രീയ നിലപാടുകളും ഒത്തുചേർന്ന വ്യക്തിത്വമായിരുന്നു കാനത്തിൽ ജമീലയുടേത്. സാധാരണക്കാരോട് ചേർന്നുനിൽക്കാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും എപ്പോഴും ശ്രമിച്ചിരുന്നു. കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ജനപക്ഷത്തുനിന്ന് മാതൃകാപരമായി പ്രവർത്തിച്ച ഒരു രാഷ്ട്രീയനേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാനത്തിൽ ജമീലയെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ച എല്ലാ വാക്കുകളോടും പൂർണ്ണമായും യോജിക്കുകയാണ്. കേരളത്തിന്റെ പൊതുസമൂഹത്തിനാകെയും

പുരോഗമന പ്രസ്ഥാനത്തിന് വിശേഷിച്ചും നികത്താനാവാത്ത നഷ്ടമാണ് കാനത്തിൽ ജമീലയുടെ വിയോഗത്തിലൂടെ ഉണ്ടായിരിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെ പാർലമെന്ററി ജനാധിപത്യത്തിന്റെ അടിസ്ഥാനതലമായ ഗ്രാമപഞ്ചായത്തുമുതൽ കേരള നിയമസഭവരെ പ്രവർത്തിച്ച അനുഭവ പാരമ്പര്യമുള്ള വ്യക്തിത്വമായിരുന്നു ജമീല. പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, രണ്ടുതവണ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. എന്നീ നിലകളിൽ പ്രവർത്തിച്ചതിനുശേഷമാണ് 2021-ൽ കൊയിലാണ്ടി നിയമസഭാമണ്ഡലത്തെ പ്രതിനിധീകരിച്ച് അവർ ഈ സഭയുടെ ഭാഗമാകുന്നത്. ഭരണരംഗത്തെ ദീർഘകാല പരിചയം ഈ സഭയിലെ ജമീലയുടെ ഇടപെടലുകൾക്ക് തിളക്കമേകിയെന്നത് നമ്മുടെയെല്ലാം അനുഭവത്തിലുള്ളതാണ്. നിയമസഭയിൽ അംഗമായിരുന്ന കാലയളവിൽ ജനജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങളെ എല്ലാ ഗൗരവത്തോടെയും ഈ സഭയിൽ അവർ അവതരിപ്പിച്ചിരുന്നു. നിയമനിർമ്മാണമടക്കമുള്ള കാര്യങ്ങൾക്ക് ശ്രദ്ധേയമായ സംഭാവനകൾ നൽകി. അടിച്ചമർത്തപ്പെടുന്നവരുടെ ഭാഗത്താണ് എല്ലാക്കാലത്തും

ജമീലയുണ്ടായിരുന്നത്. നിയമസഭാ സാമാജിക, കരുത്തയായ സംഘാടക, മികച്ച വാഗ്മി, പാർട്ടി പ്രചാരക എന്നിങ്ങനെ വിവിധതലങ്ങളിൽ ശ്രദ്ധേയ ആയിരുന്നു കാനത്തിൽ ജമീല. രോഗം ബാധിച്ച് ചികിത്സയിലായിരുന്ന കാലഘട്ടത്തിലും പൊതുകാര്യങ്ങളിൽ ശ്രദ്ധയോടെ ഇടപെടാനും പരിഹാരം കാണാനും അവർ ശ്രദ്ധിച്ചു. രോഗത്തിന്റെ ലാഞ്ചനപോലും പുറത്തുകാണിക്കാതെ ആത്മവിശ്വാസത്തോടെ പല പൊതുപരിപാടികളുടെയും ഭാഗമായി. അതുകൊണ്ടുതന്നെ രോഗം ഭേദമായി വൈകാതെതന്നെ കൂടുതൽ സജീവമായി അവർ പൊതുരംഗത്ത് പ്രവർത്തിക്കുമെന്ന് എല്ലാവരും ഉറച്ചുവിശ്വസിച്ചു. എന്നാൽ ഏവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് കാനത്തിൽ ജമീല നമ്മെ വിട്ടുപിരിഞ്ഞു. അവരുമായി ബന്ധപ്പെട്ട ധാരാളം ഓർമ്മകളാണ് നമ്മുടെയെല്ലാവരുടെയും മനസ്സിലുള്ളത്. അതൊന്നും ഒരിക്കലും മായുന്നതല്ല. കാനത്തിൽ ജമീലയുടെ വിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു. അവരുടെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സഭയുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും കാനത്തിൽ ജമീലയുടെ വേർപാടുമായി ബന്ധപ്പെട്ട് പ്രകടിപ്പിച്ച അഭിപ്രായങ്ങളോടെല്ലാം ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ എല്ലാതലങ്ങളിലും അംഗമാകാൻ സാധിച്ച അപൂർവം ആളുകളിൽ ഒരാളാണ് കാനത്തിൽ ജമീല. മലബാർ പ്രദേശത്തുനിന്നും നിയമസഭയിൽ വന്നിട്ടുള്ള വനിത അംഗങ്ങളിൽ, പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗത്തിൽനിന്നുള്ള ഒരംഗമായിരുന്ന കാനത്തിൽ ജമീല, അങ്ങേയറ്റത്തെ ജനാധിപത്യബോധവും മതേതര നിലപാടും ഈ സഭയിൽ എന്നും പ്രകടിപ്പിക്കാറുണ്ട്. രണ്ടുപക്ഷമാണെങ്കിലും ഇടവേളകളിലെല്ലാം കാണുന്ന സന്ദർഭത്തിൽ മലബാർ സ്ലാങ്ങിൽ വളരെയടുത്ത സൗഹൃദം പുലർത്താൻ അവർ എപ്പോഴും ശ്രദ്ധിച്ചിരുന്നു. നമ്മുടെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും സാമൂഹിക-രാഷ്ട്രീയ കാര്യങ്ങളെക്കുറിച്ചുമെല്ലാം താഴെ കാന്റീനിൽ ഭക്ഷണം കഴിക്കുന്ന സമയത്തുമെല്ലാം വളരെക്കൂടുതൽ സംസാരിച്ചിരുന്നു. ജമീല കോഴിക്കോട് ജില്ലാപഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ

മന്ത്രിയെന്നുള്ളനിലയിൽ പല പരിപാടികളിലും പങ്കെടുക്കാനും പലകാര്യങ്ങളിലും പങ്കാളിയാകാനും എനിക്ക് സാധിച്ചിട്ടുണ്ട്. അന്നെല്ലാം വളരെ ശ്രദ്ധിക്കപ്പെടത്തക്കവിധത്തിലുള്ള വശ്യമായ ഒരു പ്രവർത്തന ശൈലിയും അതുപോലെതന്നെ നേതൃത്വപരമായ നിലപാടും സ്വീകരിച്ചിരുന്നുവെന്ന് ഞാൻ ഓർമ്മിക്കുകയാണ്. കാനത്തിൽ ജമീല 1995-ലെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സി.പി.ഐ.(എം)-ന്റെ സ്വതന്ത്ര സ്ഥാനാർഥിയായാണ് തലക്കുളത്തൂരിൽനിന്ന് പഞ്ചായത്തംഗമായത്. തുടർന്നാണ് 1997-ൽ സി.പി.ഐ.(എം)-ന്റെ അംഗമായി മാറിയത്. തലക്കുളത്തൂർ പഞ്ചായത്ത് പ്രസിഡന്റായും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റായുമൊക്കെ അംഗീകാരം നേടാൻ സാധിച്ചത് അവരുടെ വ്യക്തിപരമായ നിലപാടുകളും സത്യസന്ധതയും ആത്മാർഥതയുമാണെന്ന് ഞാൻ കണക്കാക്കുന്നു. മത്സരിച്ച എല്ലാ തിരഞ്ഞെടുപ്പുകളിലും വിജയിച്ച് നമ്മളോടൊപ്പം കഴിഞ്ഞ അഞ്ചുവർഷക്കാലം ഈ സഭയിൽ അംഗമായിരുന്ന കാനത്തിൽ ജമീലയുടെ ആകസ്മികമായ വേർപാട് നമുക്കെല്ലാം അങ്ങേയറ്റം ദുഃഖമുണ്ടാക്കിയ ഒരു വാർത്തയാണ്. അവരുടെ

വേർപാടിൽ ബഹുമാനപ്പെട്ട ചെയറും അതുപോലെ മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമെല്ലാം ഇവിടെ പ്രകടിപ്പിച്ച പൊതുവായ അഭിപ്രായത്തോട് ഞാനും എന്റെ പാർട്ടിയും യോജിക്കുകയാണ്. വളരെ ചെറുപ്പത്തിൽ വിദ്യാർഥിനിയായിരുന്ന ഘട്ടത്തിൽത്തന്നെ കാനത്തിൽ ജമീല ക്ലാസ് ലീഡറായി തിരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അന്നുതന്നെ അവർ നേതൃത്വഗുണം പ്രകടിപ്പിക്കാൻ തുടങ്ങിയിരുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 1995-ലാണ് കോഴിക്കോട്ടെ തലക്കുളത്തൂർ പഞ്ചായത്തിൽ ആദ്യമായവർ പഞ്ചായത്തംഗമാകുന്നതും അതിനെത്തുടർന്ന് പ്രസ്തുത പഞ്ചായത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടതുമെന്ന കാര്യം പലരുമിവിടെ സൂചിപ്പിക്കുകയുണ്ടായി. തുടർന്നുവന്ന തിരഞ്ഞെടുപ്പിലും കാനത്തിൽ ജമീല തിരഞ്ഞെടുക്കപ്പെടുകയും സ്ഥിരം സമിതി അധ്യക്ഷയായി പ്രവർത്തനം തുടരുകയും ചെയ്തു. 2005-ൽ നടന്ന തിരഞ്ഞെടുപ്പിലാണ് തലക്കുളത്തൂർ നിന്ന് വിജയിച്ച് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായി

തിരഞ്ഞെടുക്കപ്പെട്ടത്. അതിനുശേഷം 2010-ലും 2020-ലും കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. 2021-ൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന സന്ദർഭത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായിരുന്നുവെന്ന കാര്യവുമിവിടെ പലരും സൂചിപ്പിച്ചു.

മലബാർ മേഖലയിലെ മുസ്ലീം വിഭാഗത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട് നിയമസഭയിലേക്ക് എത്തുന്ന ആദ്യ വനിതയായിരുന്നു കാനത്തിൽ ജമീല എന്ന കാര്യം കൂടി ഞാൻ ഈ വേളയിൽ ഓർക്കുന്നു. എം.എൽ.എ. എന്ന നിലയിൽ കൊയിലാണ്ടി നിയമസഭാ മണ്ഡലത്തിൽ കാനത്തിൽ ജമീല മികച്ച രീതിയിലുള്ള പ്രവർത്തനമാണ് നടത്തിയതെന്ന് നമുക്ക് കാണാൻ സാധിക്കും. ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ എല്ലാ പടികളും ചവിട്ടിക്കയറി മുന്നോട്ട് വന്ന സഖാവാണ് ജമീല. 2021 മുതൽ എം.എൽ.എ. എന്ന നിലയിൽ ഇരുത്തം വന്ന ഒരു നേതാവിന്റെ പ്രത്യേകതയോടുകൂടിയുള്ള പ്രകടനങ്ങളും അഭിപ്രായങ്ങളും പ്രസംഗങ്ങളുമെല്ലാം നമുക്കിവിടെ കാണാൻ സാധിച്ചു. വീട്ടിടങ്ങളിൽ തളച്ചിടപ്പെടുന്ന സ്ത്രീ ജീവിതങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വി. ടി.

ഭട്ടതിരിപ്പാടിനെപ്പോലെയുള്ള വ്യക്തികൾ അഭിപ്രായപ്പെട്ട് വർഷങ്ങൾക്കുശേഷമാണ് ജനകീയാസൂത്രണ പദ്ധതി ത്രിതല പഞ്ചായത്തിൽ നടപ്പാക്കാൻ തുടങ്ങിയത്. അതിനുശേഷം കേരളത്തിന്റെ ഭരണരംഗത്തേക്ക് കടന്നുവന്നിട്ടുള്ള സ്ത്രീകളിൽ മികവ് തെളിയിച്ച, പഞ്ചായത്ത് ഭരണത്തിൽ ശ്രദ്ധേയമായ മികവ് പുലർത്തിയിരുന്ന പ്രധാനപ്പെട്ടൊരു സഖാവാണ് കാനത്തിൽ ജമീല. കുടിവെള്ളക്ഷാമത്താൽ പൊറുതിമുട്ടിയിരുന്ന ജനങ്ങൾക്ക് വെള്ളമെത്തിക്കാനും എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കാനുമുള്ള ശ്രമങ്ങളായിരുന്നു പഞ്ചായത്ത് പ്രസിഡന്റായിരിക്കെ കാനത്തിൽ ജമീല നടത്തിയിരുന്നത്. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ പഞ്ചായത്ത് പ്രസിഡന്റ് നടത്തിയ കുത്തിയിരിപ്പ് സമരം അന്ന് വാർത്തകളിൽ ഇടംപിടിച്ചു. എം.എൽ.എ. ആയിരിക്കെ മണ്ഡലത്തിലെ ജനകീയപ്രശ്നങ്ങളിൽ സജീവമായ ഇടപെടൽ നടത്താനും ജമീലയ്ക്ക് സാധിച്ചു. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസരവാസികളുടെ വഴിയും കുടിവെള്ളവും തടസ്സപ്പെട്ടതോടെ ദേശീയപാത അധികൃതർക്കും നിർമ്മാണ കമ്പനിക്കാർക്കുമെതിരെ കടുത്ത നിലപാടുമായി

കാനത്തിൽ ജമീല രംഗത്തെത്തുകയുണ്ടായി. അത്തരത്തിലുള്ള മാതൃകാപരമായ പ്രവർത്തനമാണ് നിയമസഭാംഗമെന്ന നിലയിൽ അവർ കാഴ്ചവച്ചത്.

അസുഖബാധിതയായ ശേഷവും ജമീല കഴിവിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ മണ്ഡലത്തിലും നിയമസഭയിലും നടത്തിയിരുന്നു. അകാലത്തിൽ നമ്മെ വിട്ടുപോയ പ്രിയ സഖാവിന്റെ വേർപാടിൽ എന്റേയും എന്റെ പാർട്ടിയുടെയും ദുഃഖവും അനുശോചനവും രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കാനത്തിൽ ജമീലയെക്കുറിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ കാര്യങ്ങളോടെല്ലാം ഞാൻ യോജിക്കുന്നു. ഉദിച്ചുയരുകയും പെട്ടെന്ന് പൊലിഞ്ഞുപോകുകയും ചെയ്ത ഒരു ജീവിതമായിപ്പോയി ജമീലയുടേത്. പൊതുരംഗത്തെ പ്രവർത്തനം നമ്മളൊക്കെ ശ്രദ്ധിച്ച് വരുന്നൊരു ഘട്ടത്തിലാണ് അസുഖബാധിതയായി അവർ പെട്ടെന്ന് വിടവാങ്ങിയതെന്നത് വളരെ ദുഃഖകരമാണെന്ന കാര്യത്തിൽ സംശയമില്ല. അധികാരവികേന്ദ്രീകരണം വന്നതിനുശേഷം എല്ലാതലത്തിലും മികവ്

തെളിയിച്ച വനിത എന്ന് കാനത്തിൽ ജമീല അവരുടെ ജീവിതകാലത്ത് അറിയപ്പെട്ടിട്ടുണ്ട്. ഗവൺമെന്റിന്റെ ഭാഗമായിരുന്നപ്പോഴും അല്ലാതെയും പല കാര്യങ്ങളുമായി ബന്ധപ്പെട്ട് ജമീലയോടൊപ്പം പ്രവർത്തിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ഒരു പൊതുപ്രവർത്തകയ്ക്ക് ഉണ്ടാകേണ്ട എല്ലാ സൗമ്യതയും ലക്ഷ്യബോധവും അവരിൽ പ്രകടമായിരുന്നുവെന്നത് ഏവരും ശ്രദ്ധിക്കുന്ന കാര്യമാണ്. അവരുടെ സാന്നിധ്യം കോഴിക്കോട് ജില്ലയിൽ ഒട്ടേറെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. അവിടെ ധാരാളം നല്ല പദ്ധതികൾ കൊണ്ടുവരാൻ ജമീല ഉത്സാഹത്തോടെ ശ്രമിച്ചിരുന്നു. നിയമസഭാ മണ്ഡലത്തിലും അതുപോലെ മറ്റ് തലങ്ങളിൽ പ്രവർത്തിക്കുമ്പോഴും തന്റെ ജീവിതം നല്ല കാര്യങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ കാനത്തിൽ ജമീലയ്ക്ക് സാധിച്ചു. നമ്മുടെ സഹോദരിമാരുടെ ഇടയിൽനിന്ന് ഉദിച്ചുയർന്നൊരു പ്രോമിസിങ് ലീഡറിനെയാണ് അകാലത്തിൽ നമുക്ക് നഷ്ടമായത്. സഭയുടെ ആ ദുഃഖത്തിൽ ജമീലയോടും അവരുടെ കുടുംബത്തോടും നാടിനോടും ഞാനും എന്റെ വികാരം പ്രകടിപ്പിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, നമ്മുടെ സഭയിലെ അംഗവും തികഞ്ഞ ജനകീയ നേതാവുമായിരുന്ന കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയാണ്. നിശ്ചയമായും അവർ ഈ സഭയിൽ മടങ്ങിയെത്തുമെന്നാണ് നമ്മൾ കരുതിയിരുന്നത്. പക്ഷെ കാനത്തിൽ ജമീല നമ്മളെ വിട്ടുപിരിഞ്ഞു. ജനങ്ങളുമായി നേരിട്ട് സംവദിക്കാനുള്ള അവരുടെ കഴിവ് തീർച്ചയായും കാനത്തിൽ ജമീലയെന്ന പേരിനെത്തന്നെ ജനകീയമാക്കി. വിനയവും ദൃഢനിശ്ചയവും ഒത്തുചേർന്നൊരു വ്യക്തിത്വമായിരുന്ന അവരുടേത്. സൗമ്യമായ പെരുമാറ്റവും പുഞ്ചിരിതൂകുന്ന മുഖവും അവരെ കാണുന്ന സമയത്തും സംസാരിക്കുമ്പോഴും ആകർഷണീയമായിരുന്നു. ജനഹൃദയങ്ങളിൽ പതിഞ്ഞ ആത്മാർഥതയുടെ നിറകുടമായവരെ കാണാൻ സാധിച്ചിരുന്നു. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും മറ്റ് കക്ഷിനേതാക്കളും സൂചിപ്പിച്ചതുപോലെ വളരെ ചെറിയപ്രായത്തിൽ തന്നെ ത്രിതലപഞ്ചായത്ത് സംവിധാനത്തിലൂടെ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് തലങ്ങളിൽ പ്രസിഡന്റ് എന്ന രീതിയിൽ പ്രവർത്തിക്കാൻ സാധിച്ചതിന്റെ അനുഭവസമ്പത്ത് ചെറുതായിക്കാണാൻ സാധിക്കില്ല. അവിടെയെല്ലാം

തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിച്ചുവെന്നുള്ളത് അവരുടെ ഇടപെടലുകളുടെയും പ്രവർത്തനത്തിന്റെയും വലിയൊരു നേട്ടമായും ജനങ്ങളോടുള്ള സാമീപ്യത്തിന്റെ അടുപ്പമായും നമുക്ക് കാണാൻ സാധിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കെ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയും ഇവിടെ സൂചിപ്പിച്ചപോലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരിക്കെ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടത്തിയ പരിശ്രമങ്ങളുൾപ്പെടെയുള്ള ജനകീയ വിഷയങ്ങളുടെ അടിത്തറയിൽ നിന്നാണ് ഇത്തരം പ്രവർത്തനങ്ങൾക്കെല്ലാം തുടക്കം കുറിക്കാൻ സാധിച്ചത്.

സ്ത്രീകൾ പൊതുരംഗത്തും രാഷ്ട്രീയത്തിലേക്കും മുന്നോട്ടുവരണമെന്ന ഉദ്ദേശ്യമാണ് അവരുടെ പ്രവർത്തന രീതിയിൽ നമുക്ക് കാണാൻ സാധിക്കുന്നത്. അതിനുള്ള മാർഗങ്ങൾ കണ്ടെത്താനും ആൾക്കാരെ പ്രവർത്തനസജ്ജമാക്കി നിലനിർത്തുന്നതിനും കാനത്തിൽ ജമീല എന്നും ശ്രദ്ധിച്ചിരുന്നുവെന്നത് ഈ സഭയിലെ ഓരോ അംഗങ്ങൾക്കും ബോധ്യമുണ്ട്. എനിക്ക് പലപ്പോഴും തോന്നിയിട്ടുള്ളത്, മണ്ഡലത്തിലെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിൽ ഒരു എം.എൽ.എ. ഏത് രീതിയിലായിരിക്കണമെന്ന മാതൃകാപരമായ സമീപനമാണ് ജമീല സ്വീകരിച്ചിട്ടുള്ളത്. നിയമസഭാ

സബ്മിഷനോ കോളിങ് അറ്റൻഷനോ ചോദ്യമോ ഉണ്ടെങ്കിൽ മുൻകൂട്ടി തന്നെ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരെക്കണ്ട് അത്തരം കാര്യങ്ങൾ ചർച്ചചെയ്യാനും പോസിറ്റീവായ ഒരു മറുപടി പ്രതീക്ഷിക്കാവുന്ന തരത്തിൽ അവയെല്ലാം തന്റെ മണ്ഡലത്തിൽ എത്തിക്കുന്നതിനുള്ള ജമീലയുടെ ശ്രമങ്ങൾ വളരെയേറെ ശ്രദ്ധയാകർഷിച്ചിരുന്നു. കൊയിലാണ്ടി മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളെപ്പറ്റി അവർക്ക് വലിയ കാഴ്ചപ്പാടുണ്ടായിരുന്നു. തീരദേശജനതയുടെ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിൽ സജീവമായിരുന്നു ഈ സഭയിലെ അവരുടെ പ്രവർത്തനങ്ങളും പ്രസംഗങ്ങളും. കാപ്പാട് കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും കുറ്റ്യാടി നദിയിലെ കോട്ടത്തുരുത്ത് ദ്വീപിലെ സൈറ്റ് പ്രൊട്ടക്ഷനുവേണ്ടിയും നടത്തിയ പ്രവർത്തനങ്ങളെല്ലാം വിജയം കണ്ടു. ഇന്ന് കാനത്തിൽ ജമീല നമ്മോടൊപ്പം ഇല്ലെങ്കിലും ആ ജനതയ്ക്കുവേണ്ടി നടത്തിയ പോരാട്ടമാണ് ജനകീയമായ ജനാധിപത്യത്തിന്റെ ശ്രദ്ധയാകർഷിക്കുന്നതെന്നത് വരുംതലമുറ ഓർത്തിരിക്കാൻ കഴിയുന്ന വിധത്തിൽ ധന്യമായൊരു ജീവിതമാണവർ നയിച്ചത്. അവരുടെ പ്രവർത്തനങ്ങളും രീതികളുംണസഭയെയും

ജനാധിപത്യത്തെയും ശക്തിപ്പെടുത്താനായി വളരെയധികം ഉപകരിച്ചിട്ടുണ്ട്. നിലപാടുകളിൽ ദൃഢനിശ്ചയവും സൗമ്യമായ പ്രവർത്തനവും വേറിട്ടുനിന്ന യാഥാർഥ്യബോധത്തോടെയുള്ള ചിന്തകൾക്ക് ഇടം നൽകിയിട്ടുമുണ്ട്. അവരുടെ ദേഹവിയോഗത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു. ആ ഓർമ്മകൾക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെയെല്ലാം സഹപ്രവർത്തകയായി ഈ നിയമസഭയിൽ അംഗമാവുകയും പ്രവർത്തനരംഗത്ത് സജീവമായി നിൽക്കുന്നതിനിടയിൽ അപ്രതീക്ഷിതസമയത്ത് നമ്മെ വിട്ടുപിരിഞ്ഞ കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിവിധ കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ഇന്ത്യയിലും കേരളത്തിലും അധികാര വികേന്ദ്രീകരണം നടപ്പാക്കിയപ്പോൾ അതിലൂടെ സ്ത്രീശാക്തീകരണത്തിന്റെയും വനിതാ പ്രാതിനിധ്യത്തിന്റെയും പ്രാധാന്യം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വളരെ സജീവതയോടെ രാജ്യമെമ്പാടും പ്രത്യേകിച്ച് കേരളത്തിൽ ചർച്ച ചെയ്തൊരു കാലഘട്ടത്തിൽ

സ്ത്രീശാക്തീകരണത്തിലൂടെ വളർന്നുവരാൻ കഴിയുന്നതും സമൂഹത്തിൽ ഉന്നതമായ സ്ഥാനങ്ങളിലേക്ക് വരാൻ കഴിയുന്നതുമായ നിരവധി പ്രതിഭകളായ വ്യക്തിത്വങ്ങൾ നമ്മുടെ സമൂഹത്തിലെ വനിതകൾക്കിടയിലുണ്ടെന്ന് തെളിയിച്ചുകൊണ്ട് കടന്നുവന്ന ഒരു മഹിളാരത്നമാണ് കാനത്തിൽ ജമീല എന്ന് പറയുന്നതിൽ അഭിമാനമുണ്ട്. കാരണം, ഇവിടെ വിവിധ കക്ഷികളെ പ്രതിനിധീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചപ്പോൾ എല്ലാവരും ചൂണ്ടിക്കാണിച്ചപോലെ പ്രാദേശിക തലങ്ങളിൽ, പഞ്ചായത്ത് മെമ്പർ മുതൽ നിയമസഭാംഗം വരെയുള്ള സ്ഥാനങ്ങളിലേക്ക് വനിതകൾക്കിടയിൽനിന്നും ന്യൂനപക്ഷ സമൂഹത്തിൽനിന്നും വിവിധ ഘട്ടങ്ങളിലൂടെ കടന്നുവരാൻ ഒരു വ്യക്തിക്ക് കഴിയുക എന്നുപറയുന്നത് നിരന്തരമായ പരിശ്രമത്തിലൂടെയും ജനങ്ങളുടെ ശക്തമായ പിന്തുണയിലൂടെയും മാത്രം നേടിയെടുക്കാൻ കഴിയുന്ന ഒന്നാണ്. അക്കാര്യത്തിൽ ജനങ്ങളുടെ മനസ്സ് ആർജിക്കാനും ശ്രദ്ധേയമായ പ്രവർത്തനങ്ങളിലൂടെ മുൻനിരയിലേക്ക് വരാൻ കഴിഞ്ഞതുമായ വ്യക്തിത്വമായിട്ടാണ് കാനത്തിൽ ജമീലയെ നമുക്ക് കാണാൻ കഴിയുന്നത്. നിയമസഭയിൽ ഭരണമുന്നണിയുടെ ശക്തയായൊരു പോരാളിയായിട്ട്

എല്ലായ്പ്പോഴും ഇടപെടുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഏത് ഘട്ടങ്ങളിലും ശക്തമായ ഇടപെടലുകളിലൂടെ ഭരണ മുന്നണിക്കുവേണ്ടി വാദിക്കാനും ചോദ്യം ഉന്നയിക്കാനോ പോയിന്റ് ഓഫ് ഓർഡറിനോ അവസരം കാത്തുനിൽക്കാതെ സമയോചിതമായ ഇടപെടലുകൾക്ക് ചാടി വീഴുന്ന കാനത്തിൽ ജമീലയെ എപ്പോഴും ശ്രദ്ധിക്കാറുണ്ട്. ശ്രീ. കെ. ബാബു സൂചിപ്പിച്ചതുപോലെ  ഇടവേളകളിൽ വനിത അംഗങ്ങളെല്ലാം ക്യാന്റീനിൽ ഒന്നിച്ച് വരുന്ന സമയത്ത്  ഇത്തരം കാര്യങ്ങൾ ചർച്ചചെയ്യാൻ അവിടെ ചെറിയൊരു അവസരം ലഭിക്കുമ്പോൾ കാനത്തിൽ ജമീലയുടെ തീപാറുന്ന പോരാട്ടത്തിന്റെ ശക്തമായ നിലപാടുകളെക്കുറിച്ച് എല്ലാവരും രാഷ്ട്രീയത്തിനതീതമായി പറയുന്നത് ഒരു നിത്യസംഭവമായിരുന്നു. ഇപ്രകാരം സജീവതയോടെ പ്രവർത്തിക്കുന്നതിനിടയിലാണ് അപ്രതീക്ഷിതമായി രോഗബാധിതയായത്, 'മനുഷ്യന്റെ കാര്യം ഇത്രയേ ഉള്ളൂ' എന്ന് പറയുന്നതുപോലെ നമുക്കനുഭവപ്പെടുന്നൊരവസ്ഥയാണ് യഥാർഥത്തിൽ ജമീലയുടെ ജീവിതത്തിൽ കാണാൻ കഴിഞ്ഞിട്ടുള്ളത്. നിയമസഭാ അംഗമെന്ന നിലയിലും  ജനപ്രതിനിധിയെന്ന നിലയിലും കേരളത്തിനുവേണ്ടിയും സമൂഹത്തിനുവേണ്ടിയും അവർ ചെയ്ത വിലപ്പെട്ട

സേവനങ്ങളെ ആദരവോടുകൂടി വിലയിരുത്തുന്നൊരു സന്ദർഭമായി ഈ അനുശോചനം മാറുകയാണ്. അവരുടെ വിലപ്പെട്ട സംഭാവനകളെയും എല്ലാവിധത്തിലുമുള്ള പ്രവർത്തനങ്ങളെയും പ്രത്യേകമായി സ്മരിക്കുന്നു. ജമീലയുടെ ആത്മാവിന് സർവശക്തൻ നിത്യശാന്തി നൽകട്ടെയെന്ന് പ്രാർഥിച്ചുകൊണ്ടും അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാന്യയായ നമ്മുടെ സഹപ്രവർത്തക കാനത്തിൽ ജമീലയെ സംബന്ധിച്ച് അങ്ങും മുഖ്യമന്ത്രിയും മറ്റ് കക്ഷിനേതാക്കളും സൂചിപ്പിച്ച എല്ലാ കാര്യങ്ങളോടും ഞാനും പൂർണ്ണമായി യോജിക്കുകയാണ്. പതിനഞ്ചാം കേരള നിയമസഭയിൽ ആദ്യമായിട്ടാണ് നിയമസഭാ അംഗമായി തിരഞ്ഞെടുക്കപ്പെട്ട് കാനത്തിൽ ജമീല എത്തുന്നത്. എന്നാൽതന്നെ ത്രിതല പഞ്ചായത്തിന്റെ എല്ലാ തലങ്ങളിലും അധ്യക്ഷയായും ഭരണാധികാരിയായും പ്രവർത്തിച്ചതിന്റെ അനുഭവ കരുത്തുമായിട്ടാണ് അവർ നിയമസഭയിൽ എത്തിയത്. അതുകൊണ്ട് ഒരു പുതുമുഖത്തിന്റെ യാതൊരു പ്രയാസവുമില്ലാതെ എല്ലാ കാര്യങ്ങളും നന്നായി കൈകാര്യം ചെയ്യാനുള്ള ശേഷിയുമായിട്ടാണ് കാനത്തിൽ ജമീല

നിയമസഭയിലെത്തുകയും ഇക്കാലഘട്ടമത്രയും നമ്മോടൊപ്പംനിന്ന് പ്രവർത്തിക്കുകയും ചെയ്തത്. നിലപാടുകളിലെ കാർക്കശ്യവും അതേസമയം തന്നെ വ്യക്തിപരമായ ബന്ധങ്ങളിലെ സൗമ്യഭാവവുമായിരുന്നു ജമീലയുടെ പ്രത്യേകത. ഒരിക്കൽ ഞാൻ കാനത്തിൽ ജമീലയോട് സംസാരിച്ചപ്പോൾ പൊലീസ് വാഹനങ്ങളിൽ എഴുതി വച്ചിരിക്കുന്ന 'polite but firm' എന്ന വാക്ക് കൃത്യമായി യോജിക്കുന്നൊരു വ്യക്തിത്വമാണ് അവരുടേതെന്ന് എനിക്ക് മനസ്സിലായി. രാഷ്ട്രീയ നിലപാടുകളിൽ മാത്രമല്ല സ്ത്രീപക്ഷ നിലപാടുകളിലും അതോടൊപ്പംതന്നെ നിയമസഭയിൽ ഏതുസമയത്തും ഇടപെടേണ്ട ആവശ്യമുള്ളപ്പോൾ കൃത്യമായി ഇടപെടാനുള്ള ആർജവം കാട്ടിക്കൊണ്ട് താൻ വിശ്വസിക്കുന്ന പ്രസ്ഥാനത്തിനും ആ പ്രസ്ഥാനം ഉൾപ്പെടുന്ന മുന്നണിക്കും വേണ്ടി പടപൊരുതുന്നൊരു പോരാളി എന്ന നിലയിൽ നിൽക്കുമ്പോൾതന്നെ എല്ലാ കക്ഷികളിൽപ്പെട്ട ആളുകളോടും വ്യക്തിബന്ധങ്ങളും സൗഹൃദവും സൗമ്യതയോടെയുള്ള പെരുമാറ്റവും കാനത്തിൽ ജമീലയുടെ വ്യക്തിത്വത്തിന്റെ ഭാഗമായി മാറിയിരുന്നുവെന്നത് ഞാൻ കൃത്യമായി ഓർക്കുകയാണ്. ഈ സഭയിൽ എപ്പോഴൊക്കെ സ്ത്രീപക്ഷ നിലപാടുകളെ സംബന്ധിച്ച് ചർച്ചയുണ്ടായോ അപ്പോഴെല്ലാം കാനത്തിൽ

ജമീലയുടെ ശബ്ദം മുഴങ്ങി കേട്ടിരുന്നു. എല്ലാവരോടും സൗഹൃദമായി പെരുമാറുന്നൊരു മുഖം, എപ്പോഴും സന്തോഷവതിയായിരിക്കും. അതേസമയം നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങളിലും അവിടത്തെ വികസനകാര്യങ്ങളിലും വളരെയധികം ശ്രദ്ധപതിപ്പിച്ച് ഏൽപ്പിക്കപ്പെട്ട എല്ലാ ഉത്തരവാദിത്വങ്ങളും അത് പഞ്ചായത്തോ ബ്ലോക്ക് പഞ്ചായത്തോ ജില്ലാ പഞ്ചായത്തോ നിയമസഭയോ ആയാലും ഒരിക്കലും പദവികൾ ആസ്വദിക്കാൻവേണ്ടി ഉപയോഗിക്കാതെ ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ വിശ്വാസ്യതയോടുകൂടി ഫലപ്രദമായി കൈകാര്യം ചെയ്ത് സഫലമായൊരു ജീവിതം പൂർത്തിയാക്കിയെന്നുമാത്രം നമുക്ക് സമാധാനിക്കാം. അകാലത്തിൽ പൊലിഞ്ഞ കാനത്തിൽ ജമീലയുടെ ഓർമ്മകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു. എന്റെ പാർട്ടിയുടെ അനുശോചനം അറിയിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നേതാക്കളുമുന്നയിച്ച പൊതു അഭിപ്രായത്തോട് യോജിക്കുകയാണ്. നമ്മുടെ പ്രിയപ്പെട്ട സഹപ്രവർത്തകയായിരുന്ന കാനത്തിൽ ജമീലയുടെ അകാല നിര്യാണം ഏറെ വേദനപ്പിച്ചൊരു സന്ദർഭമായിരുന്നു. ഇവിടെ

പ്രതിപാദിച്ചതുപോലെ ത്രിതല പഞ്ചായത്തുകളിലെ വിവിധ സ്ഥാനങ്ങളിലൂടെയും അധ്യക്ഷ പദവികളിലൂടെയും വലിയൊരു അനുഭവ സമ്പത്തുമായിട്ടാണ് അവർ നിയമസഭയിലേക്ക് കടന്നുവന്നത്. അതുകൊണ്ടുതന്നെ ഒട്ടനവധി വിഷയങ്ങളിലേക്ക് അവർ കടക്കുകയും ഇവിടെ പ്രതിപാദിച്ചതുപോലെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന ദൈനംദിന പ്രശ്നങ്ങൾ സഭാതലത്തിൽ കൊണ്ടുവരാനും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാനും അവർ എല്ലായ്പ്പോഴും ശ്രമിച്ചിരുന്നു. സാംസ്കാരിക കൂട്ടായ്മകളിൽ അവർ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നുവെന്നത് ഏറെ അഭിമാനത്തോടെ നമുക്ക് ചൂണ്ടികാട്ടാൻ കഴിയുന്ന ഒന്നുതന്നെയാണ്. കാനത്തിൽ ജമീലയുടെ മരണ ശേഷം വന്ന ഒരു റിപ്പോർട്ട് വായിച്ചപ്പോൾ, അവർ ചുമതല വഹിച്ചിരുന്ന തദ്ദേശ സ്ഥാപനങ്ങളിലും ത്രിതല പഞ്ചായത്തുകളിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അഭിപ്രായങ്ങളിൽ എപ്പോഴും വ്യക്തതയുണ്ടായിരിക്കും. പ്രതിപക്ഷ ബഹുമാനത്തോടെയായിരുന്നു വിമർശനങ്ങൾ ഉന്നയിച്ചിരുന്നത്. നടപടികൾ നിർത്തിവയ്ക്കാനുള്ള

ഉപക്ഷേപം അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ അവ തടസ്സപ്പെടുത്തുവാനായി ശ്രമിക്കുമ്പോൾ ഉന്നയിക്കുന്ന ഓരോ വാക്കുകളും പ്രതിപക്ഷ ബഹുമാനത്തോടെതന്നെ ആയിരുന്നുവെന്നത് ഓർത്ത് പോകുകയാണ്. സഭയിലും വിവിധ സമിതികളിലും കാനത്തിൽ ജമീലയോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞത് ഏറെ ഹൃദ്യമായ അനുഭവമായിരുന്നു. പ്രിയപ്പെട്ട കാനത്തിൽ ജമീലയുടെ നിര്യാണത്തിലുള്ള അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്</u>: സർ, കാനത്തിൽ ജമീല എന്ന എന്റെ സഹോദരിയുടെ വേർപാട് ഏറ്റവുമധികം ദുഃഖവും പ്രയാസവും ഉളവാക്കിയതാണ്. എന്നെ സംബന്ധിച്ച് എന്റെ കുടുംബവുമായിട്ട് ഏറ്റവുമടുത്ത ബന്ധമുണ്ടായിരുന്നൊരു വ്യക്തിയാണ് കാനത്തിൽ ജമീല, പ്രത്യേകിച്ച് എന്റെ ഭാര്യയുമായി ഏറ്റവുമടുത്ത ബന്ധം പുലർത്തിയിരുന്നു. എന്റെ പ്രസംഗത്തെക്കുറിച്ച് എപ്പോഴും കാനത്തിൽ ജമീല പറയുന്നൊരു വാക്കുണ്ട് അങ്ങയുടെ പ്രസംഗം ഞങ്ങളെ ഏറ്റവുമധികം ചിന്തിപ്പിക്കുന്നു, സന്തോഷിപ്പിക്കുന്നു. ദൈവവചനം പറയാതെ അങ്ങൊരിക്കലും പ്രസംഗം നിർത്തരുതെന്ന് എനിക്ക് ഉപദേശം നൽകിയൊരു വ്യക്തിത്വമാണ്

കാനത്തിൽ ജമീല. എന്നെ സംബന്ധിച്ച് ഒരു വലിയ ഷോക്കാണ് കാനത്തിൽ ജമീലയുടെ നിര്യാണം. കാരണം, അങ്ങനെയൊരു അസുഖ ബാധ്യതയാണെന്നുപോലും അറിഞ്ഞിരുന്നില്ലെന്നുള്ളതാണ് ഏറ്റവും സങ്കടകരമായ കാര്യം. അവരുടെ വേർപാട് വളരെയധികം ദുഃഖമുളവാക്കിയെന്നത് സത്യം തന്നെയാണ്. വിശുദ്ധ വേദ പുസ്തകത്തിൽ ഒരു വാക്യമുണ്ട്. ലാസർ മരിച്ചപ്പോൾ കർത്താവായ യേശു ക്രിസ്തു അവരുടെ ഭവനത്തിൽചെന്നു. മാർത്തയും മറിയയും എന്ന രണ്ട് സഹോദരിമാരാണുണ്ടായിരുന്നത്. മാർത്ത പറഞ്ഞൊരു വാക്യം 'കർത്താവെ നീ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു' എന്നത് എന്റെ ഹൃദയത്തിനകത്ത് വളരെയധികം വേദനയുളവാക്കിയ വാക്യമാണ്. ഞാൻ മനസ്സിൽ ചിന്തിച്ചൊരു വിഷയം ഇതാണ് നമ്മുടെ പ്രിയപ്പെട്ടവരായ സഹോദരങ്ങൾ, പല ആൾക്കാരും മനസ്സിൽക്കൂടെ കടന്നുപോയി. പ്രിയങ്കരനായ എന്റെ സഹോദരൻ തോമസ് ചാണ്ടി, കോടിയേരി ബാലകൃഷ്ണൻ, ഉമ്മൻ ചാണ്ടി ഇങ്ങനെ പല വ്യക്തികളും ലോകത്തിൽ നിന്ന് മാറ്റപ്പെട്ട് പോകുമ്പോൾ അവരുടെ ദീപ്തമായ ഓർമ്മ നമ്മുടെ ഹൃദയത്തെ വല്ലാതെ ദുഃഖിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും

ചെയ്യുന്നതാണ്. ഇവരുടെയെല്ലാം മരണം നമ്മളെ ചിന്തിക്കുന്നത് ലോകത്തിൽ ഇത്രയേ ഉള്ളോ മനുഷ്യന്റെ അവസ്ഥ എന്നതാണ്. ഏത് മനുഷ്യനും ഒരിക്കൽ ശ്വാസം മാത്രമാകുന്ന ഈ ലോകത്തിൽ നമ്മൾ ഏത് രീതിയിൽ ജീവിക്കണമെന്നത് ഇവർ നമ്മെ പഠിപ്പിച്ചിട്ടുള്ളത് തന്നെയാണ്. പ്രിയങ്കരിയായ കാനത്തിൽ ജമീലയുടെ ഓർമ്മയ്ക്ക് മുന്നിൽ എന്റെയും എന്റെ കുടുംബത്തിന്റെയും എന്റെ നാടിന്റെയും ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു. ദൈവം എല്ലാവരെയും സഹായിക്കട്ടെ.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>): സർ, ഏല്ലാവർക്കും പ്രിയങ്കരിയായ കാനത്തിൽ ജമീല എന്നെ സംബന്ധിച്ചിടത്തോളം ഒരു പൊതുപ്രവർത്തകയും നല്ലൊരു സാമാജികയും സഹപ്രവർത്തകയും എന്നതിലുപരി ഹൃദയത്തിൽ സ്ഥാനം നേടിയ കുലീനയായൊരു സഹോദരിയായിട്ടാണ് തോന്നിയിട്ടുള്ളത്. അവർ ഈ സഭയിൽ വരുന്നതിനുമുമ്പ് ജില്ലാ പഞ്ചായത്ത് മെമ്പർ, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലിരിക്കുമ്പോൾ എനിക്ക് അറിയാമെങ്കിലും നേരിട്ട് വലിയ അടുപ്പമൊന്നുമുണ്ടായിരുന്നില്ല. എന്നാൽ അവർ സഭയിലേക്ക് വന്നദിവസം മുതൽ എനിക്കൊരു പ്രിയസഹോദരിയെ ലഭിച്ചതുപോലെ തോന്നിയിട്ടുണ്ട്.

എന്നോട് ചിരിച്ച മുഖത്തോടുകൂടിയാണ് സംസാരിച്ചിരുന്നത്. അവരുടെ കുലീനമായ സംസാരത്തെപ്പറ്റി നമ്മളെല്ലാവരും ഇവിടെ പറഞ്ഞതാണ്. ആരോട് സംസാരിച്ചാലും വളരെ തറവാടിത്തത്തോടെ സംസാരിക്കുന്ന സ്നേഹനിധിയായ സഹോദരിയെയാണ് അവരുടെ നിര്യാണത്തിലൂടെ നഷ്ടപ്പെട്ടത്. മികച്ചൊരു പൊതുപ്രവർത്തകയായിരുന്ന അവർക്ക് ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും പ്രസിഡന്റായി പ്രവർത്തിച്ച പരിചയംകൊണ്ടായിരിക്കും നിയമസഭയിലേക്ക് കടന്നുവന്നപ്പോൾ പുതുമുഖത്തിനുപരി വളരെ കോൺഫിഡന്റായി കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞത്. വളരെ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുന്ന പൊതുപ്രവർത്തകയായ സ്ത്രീയെയാണ് ഞാനിവിടെ കണ്ടത്. നമ്മളെല്ലാവരും സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടിയും സ്ത്രീകളുടെ ഉന്നതിക്കുവേണ്ടിയും ശ്രമിക്കുന്നവരാണ്. കേരളത്തിൽ പ്രത്യേകിച്ച് സ്ത്രീകളുടെ എല്ലാ പ്രവർത്തനങ്ങളെയും മുന്നോട്ടുകൊണ്ടുവരാൻ ശ്രമിക്കുമ്പോൾ കാനത്തിൽ ജമീലയെപ്പോലെ സ്നേഹനിധിയും കഴിവും ആത്മവിശ്വാസവുമുള്ള സ്ത്രീകൾ നമുക്ക് അഭിമാനമാണ്. അത്തരത്തിലുള്ളൊരു മഹത്‌വ്യക്തിയെയാണ് അകാലത്തിൽ

നഷ്ടപ്പെട്ടിരിക്കുന്നത്. രോഗബാധിതയായശേഷം അവരുടെ രോഗത്തെക്കുറിച്ചും രോഗാവസ്ഥയെക്കുറിച്ചും നിരന്തരം ഞാൻ അന്വേഷിക്കാറുണ്ടായിരുന്നു. പക്ഷേ മരിച്ച് കഴിഞ്ഞപ്പോൾ അവരെ കാണണമെന്ന് ആഗ്രഹിച്ചെങ്കിലും പിന്നീട് അതിൽനിന്ന് പിന്മാറുകയായിരുന്നു. അതൊരു മാനസികാവസ്ഥയാണ്. നിങ്ങൾക്കൊക്കെ ആ മാനസികാവസ്ഥയുണ്ടോയെന്ന് അറിയില്ല. എന്നെ സംബന്ധിച്ച് ഒരു വ്യക്തിയെ അവസാനമായി കാണുന്ന രൂപം  മനസ്സിൽ പതിഞ്ഞിരിക്കും. അടുത്ത സുഹൃത്തോ ബന്ധുവോ മരിച്ച് കിടക്കുന്ന ദൃശ്യമാണ് അവസാനം കാണുന്നതെങ്കിൽ ആ  രൂപം മനസ്സിൽനിന്ന് മായാതെ എക്കാലവും നിലനിൽക്കും. കാനത്തിൽ ജമീല എപ്പോഴും ചിരിച്ച് സന്തോഷവതിയായാണ് സംസാരിക്കുന്നത്. പ്രസന്നവതിയായ അവരുടെ ചിത്രമാണ് എന്റെ മനസ്സിൽ പതിഞ്ഞിരിക്കുന്നത്.  ഇന്ന് സഭയിലെ ടി.വി.-യിൽ പ്രദർശിപ്പിക്കുന്ന അവരുടെ സ്നേഹത്തോടും പ്രസന്നതയോടുംകൂടിയ മുഖമാണ് എന്റെ മനസ്സിൽ തെളിഞ്ഞുനിൽക്കുന്നത്. അതുകൊണ്ടാണ് അവസാനമായി ഒന്ന് കാണാമെന്ന് വിചാരിച്ച യാത്ര ഞാൻ ഒഴിവാക്കിയത്. അത് മറ്റൊന്നുംകൊണ്ടല്ല, അവിടെ ചെന്ന് കണ്ടുകഴിഞ്ഞാൽ കാനത്തിൽ

ജമീല എന്ന ഈ ചിത്രം എന്റെ മനസ്സിൽനിന്ന് മാറിപ്പോകും. കാനത്തിൽ ജമീലയുടെ ചിരിച്ച് സന്തോഷത്തോടെയും സൗമ്യതയോടെയും കുലീനതയോടെയും ഇടപെടുന്ന ആ മുഖമാണ് എന്റെ മനസ്സിൽ നിറഞ്ഞ് നിൽക്കാൻ ആഗ്രഹിക്കുന്നത്. ഇതൊക്കെ ഒരു സൈക്കോളജിയാണെന്ന് പലപ്പോഴും തോന്നാറുണ്ട്. ഞാൻ ജീവിക്കുന്ന കാലം മുഴുവൻ എന്റെ മനസ്സിൽ തെളിയുന്നത് സ്നേഹനിധിയായ ആ സഹോദരിയുടെ ചിരിച്ച മുഖമാണ്. മനുഷ്യസമൂഹത്തിന്റെ ശാപമായി മാറിയ ഈ രോഗം അവരെ നമ്മളിൽനിന്ന് അകാലത്തിൽ വേർപെടുത്തികൊണ്ടുപോയി. ഈ രോഗം ആർക്കും വരാതിരിക്കട്ടെയെന്ന് പ്രാർഥിക്കുകയാണ്. പ്രിയപ്പെട്ട സഹപ്രവർത്തകയായ കാനത്തിൽ ജമീല ഇവിടെയിരിക്കുന്ന എല്ലാവർക്കും സഹോദരിയുടെ സ്ഥാനത്താണ്. നമുക്ക് നഷ്ടപ്പെട്ട പ്രിയസഹോദരിയുടെ ആത്മാവിന് നിത്യശാന്തിനേരുന്നു. അവരുടെ കുടുംബത്തിന്റെ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുകയാണ്. ഈ സഭയിൽ പ്രിയ സഹോദരിയെപ്പറ്റി ഇത്തരത്തിലൊരു പ്രഭാഷണം നടത്തേണ്ടിവരുമെന്ന് സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ഇത്തരം പ്രസംഗങ്ങൾ

ഉണ്ടാകാതിരിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റംഗങ്ങളും ഇവിടെ രേഖപ്പെടുത്തിയ ഹൃദയവികാരത്തോട് ഞാനും പങ്കുചേരുകയാണ്. ഈ സഭയുടെ നിത്യവസന്തമായിരുന്ന കാനത്തിൽ ജമീല തികച്ചും അപ്രതീക്ഷിതമായാണ് നമ്മോട് വിട പറഞ്ഞത്. കോഴിക്കോട് ജില്ലയിലെ പാർട്ടി ഓഫീസിൽവച്ച് മൃതശരീരം ദർശിക്കാനും ആദരാഞ്ജലികൾ അർപ്പിക്കാനും സാധിച്ചെങ്കിലും കോഴിക്കോട് നഗരത്തിൽനിന്ന് ഒഴുകിയെത്തിയ ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പൊലീസിന് വളരെയധികം പ്രയാസപ്പെടേണ്ടിവന്നു. കാനത്തിൽ ജമീലയുടെ അപ്രതീക്ഷിതമായ മരണം ജനമനസ്സുകളിൽ സൃഷ്ടിച്ച ആഘാത-പ്രത്യാഘാതങ്ങളുടെ വേദന എത്രത്തോളമാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. കാനത്തിൽ ജമീലയെ സംബന്ധിച്ച് പ്രത്യേകിച്ച് ഒരു മുഖവുരയുടെ ആവശ്യമില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. വിദ്യാർഥി ജീവിതം മുതൽ ഓരോ പടവുകൾ കയറിയാണ് അവർ മുന്നോട്ടുവന്നത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്

പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നീ സേവന മേഖലകളിലാരംഭിച്ച് നിയമസഭാ സമാജികയെന്ന അംഗീകാരം സ്വീകരിക്കാനും ആ മേഖലയിൽ പ്രശോഭിതയാകാനും കഴിഞ്ഞു. എനിക്ക് അവരുമായി വളരെ അടുത്ത ബന്ധമാണുള്ളത്. അവരുടെ നിയോജകമണ്ഡലത്തിലെ ഇരിങ്ങൽ എന്ന സ്ഥലത്താണ് എന്റെ ഭാര്യയുടെ വീട്. കാനത്തിൽ ജമീല നിയമസഭാംഗമാകുന്നതിന് മുമ്പുംശേഷവും ആ വീട്ടിൽ എത്തിയിട്ടുണ്ട്. ഞാൻ അവിടെയുണ്ടായിരുന്ന സന്ദർഭത്തിലാണ് ഒരു പരിപാടിക്ക് വന്ന അവർ അവിചാരിതമായി വീട്ടിലേക്കെത്തിയത്. പ്രിയപ്പെട്ട ജമീല ചേച്ചി എത്തിയിരിക്കുന്നുവെന്ന് പറഞ്ഞാണ് ഞാൻ അവരെ വീട്ടിനുള്ളിലേക്ക് ക്ഷണിച്ചത്. അതിനുശേഷം ഞാൻ അവസാന നിമിഷം വരെ ജമീല ചേച്ചിയെന്നാണ് വിളിച്ചിരുന്നത്. അവരുടെ ജീവിതത്തിന്റെ ഓരോ പദവിന്യാസത്തിലും രാഷ്ട്രീയത്തിലും അത്രയേറെ ഹൃദയബന്ധമുണ്ടാക്കാൻ സാധിച്ചു. അവർ ഒരു സാമാജികയെന്ന നിലയ്ക്ക് മാത്രമല്ല, മാനുഷികമായ ഭാവങ്ങളുടെയും സൗഹൃദത്തിന്റെയും മതസൗഹാർദത്തിന്റെയും പ്രതീകമായി ജ്വലിച്ച് നിന്നൊരു വ്യക്തിയായിരുന്നുവെന്ന് ഒറ്റവാക്കിൽ പറയാൻ കഴിയും. അവരുടെ പുരോഗമന ആശയങ്ങളും യുക്തിബോധവുമെല്ലാംതന്നെ

സമൂഹത്തിന് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇരിങ്ങലിലെ കുഞ്ഞാലിമരയ്ക്കാർ സ്മൃതിഭൂമിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച നടത്തിയത് ഈ സന്ദർഭത്തിൽ ഞാൻ ഓർക്കുകയാണ്. അങ്ങനെ ഓരോ കാര്യങ്ങളിലും ഹൃദയത്തിൽ ജീവിക്കുന്ന ജമീല ചേച്ചിയുടെ പാവനമായ ഓർമ്മകൾക്ക് പ്രതിജ്വലിക്കുന്ന സ്മരണകൾക്ക് മുന്നിലും ഞാൻ വികാരഭരിതനായി നമസ്കരിച്ചും പ്രണമിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, നമ്മുടെ സഹപ്രവർത്തകയായിരുന്ന കാനത്തിൽ ജമീലയുടെ വിയോഗം എല്ലാവരെയും ദുഃഖത്തിലാഴ്ത്തിയിയെന്നുള്ളത് യാഥാർഥ്യമാണ്. കുറ്റ്യാടിയിലെ ഒരു ഗ്രാമീണ പശ്ചാത്തലത്തിൽ തച്ചങ്കണ്ടി ആലിയുടെ മകളായി ജനിച്ചു. ഞാൻ കുറ്റ്യാടി ഗവൺമെന്റ് ഹൈസ്കൂളിൽ പത്താം ക്ലാസ്സിൽ ലീഡറായി പ്രവർത്തിക്കുന്ന കാലത്ത് അവിടെ ഒമ്പതാം ക്ലാസ്സ് വിദ്യാർഥിനിയായിരുന്നു അവർ. അവരുടെ സഹോദരൻ ടി. കെ. ജമാൽ എന്റെ അടുത്ത സുഹൃത്തും അഭ്യുദയകാംക്ഷിയുമാണ്. അകന്ന ബന്ധുക്കളെന്ന നിലയ്ക്ക് ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ വളരെ അടുത്ത് പെരുമാറാറുണ്ടായിരുന്നു.

പിൽക്കാലത്ത് ജമീല വിവാഹിതയായി വന്നത് തലക്കുളത്തൂരാണ്. അവിടെ ഒരു വീട്ടമ്മയായും എൽ.ഐ.സി ഏജന്റായും പ്രവർത്തിച്ചുവരുന്നതിനിടയിലാണ് പൊതുപ്രവർത്തന രംഗത്തേക്ക് സജീവമാകുന്നത്. പഞ്ചായത്ത് രാജ് നഗരപാലിക നിയമത്തിന്റെ ഭാഗമായി 1995-ൽ ത്രിതല തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ 33% വനിതാ സംവരണം വന്നതാണ് കാനത്തിൽ ജമീലയുടെ ജീവിതത്തിൽ ഏറെ വഴിത്തിരിവായത്. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡിൽ മത്സരിക്കണമെന്ന സി.പി.ഐ.(എം.) ലോക്കൽ കമ്മിറ്റിയുടെ നിർദേശപ്രകാരം ഭർത്താവിന്റെ പിന്തുണയോടെ മത്സരരംഗത്തേക്ക് കടന്നുവന്നു. ആ വർഷംതന്നെ പഞ്ചായത്ത് പ്രസിഡന്റായി സജീവ രാഷ്ട്രീയരംഗത്തേക്ക് കാലെടുത്ത് വയ്ക്കുകയും ചെയ്തു. 1995-ൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, 2000-ൽ തലക്കുളത്തൂർ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ, 2005-ൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, 2010-ലും 2020-ലും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ പ്രസിഡന്റ് സ്ഥാനം വഹിച്ച അപൂർവ വനിത

എന്ന റിക്കാർഡ് നേടിക്കൊണ്ട് കാനത്തിൽ ജമീല 2021-ൽ നിയമസഭാ തിരഞ്ഞെടുപ്പിൽ കൊയിലാണ്ടിയിൽ നിന്ന് മത്സരിച്ച് നിയമസഭയിലെത്തിയതോടെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ തലക്കുളത്തൂർ പഞ്ചായത്തിലെ കണിയാംകുന്ന് ഉന്നതിയിൽ വെള്ളമെത്തിച്ചതിന്റെ പിന്നിൽ കാനത്തിൽ ജമീലയുടെ നിശ്ചയദാർഢ്യത്തിന്റെ കഥകളുണ്ട്. അവർ പ്രസിഡന്റായിരുന്ന കാലത്ത് അവിടെ കുടിവെള്ളപ്രശ്നം രൂക്ഷമായിരുന്നു. കുടിവെള്ള പൈപ്പ് സ്ഥാപിക്കാൻ നിരന്തരം ആവശ്യപ്പെട്ടിട്ടും ജലവിഭവ വകുപ്പിൽനിന്ന് ഉദ്യോഗസ്ഥർ വരാൻ തയ്യാറാകാതിരുന്നപ്പോൾ ഓണത്തിന് രണ്ട് ദിവസം മാത്രം ബാക്കിനിൽക്കെ കാനത്തിൽ ജമീല ജലവിഭവ വകുപ്പ് ഓഫീസിലെത്തി മണിക്കൂറുകളോളം കുത്തിയിരിപ്പ് സമരം നടത്തിയിരുന്നു. തിരിച്ച് പോവില്ലെന്ന് ഉറപ്പായതോടെ ഉദ്യോഗസ്ഥർ ഒപ്പംപോയി ഉന്നതിയിൽ വെള്ളം ലഭ്യമാക്കുന്ന സാഹചര്യമുണ്ടായി. പൊരുതി നേടിയതിന്റെ അഭിമാനം കാനത്തിൽ ജമീല പലപ്പോഴും പങ്കുവച്ചിട്ടുണ്ട്. അന്നുവരെ അപരിചിതമായ ഒട്ടേറെ സംവിധാനങ്ങൾ ജനങ്ങൾക്ക്

പരിചയപ്പെടുത്തിയതിന്റെ അനുഭവവും അവർക്കുണ്ട്. തന്റെ വാർഡിൽ ആദ്യമായി ഗ്രാമസഭ നടക്കുന്ന വിവരം നാട്ടുകാരെ അറിയിച്ചത് ഗ്രാമവഴികളിലൂടെ ചെണ്ട കൊട്ടിപ്പറഞ്ഞാണെന്നും തൊള്ളായിരത്തോളം ആളുകൾ പങ്കെടുത്ത ആ ഗ്രാമസഭയെ നിയന്ത്രിക്കാൻ തുടക്കക്കാരിയായ അവർ നന്നേ ബുദ്ധിമുട്ടിയിരുന്നതായും ഒരിക്കൽ ജമീല ഓർത്തെടുത്തിരുന്നു. കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനത്തിൽ നിന്ന് അന്നുവരെ ഉദ്യോഗസ്ഥ സംവിധാനങ്ങളും ഭരണസമിതിയും നിയന്ത്രിച്ചിരുന്ന വികസന കാഴ്ചപ്പാടിൽ നിന്ന് ഗ്രാമസഭകളിലൂടെ ജനങ്ങൾ അവരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്ന രീതി ആദ്യം ജനങ്ങൾക്ക് പൊതുവെ കൗതുകമായിരുന്നു. ജനകീയാസൂത്രണത്തിന്റെ പിറവി മുതൽ യൗവനം വരെ ഒന്നിച്ചുനടന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു കാനത്തിൽ ജമീല.

ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിൽ മുൻമാതൃകകളില്ലാത്ത ഒരു വികസനയജ്ഞത്തിൽ ഒപ്പം നടന്നതിന്റെ ഓർമ്മകളും പൂർത്തിയാക്കാൻ കഴിഞ്ഞ ജനകീയ പദ്ധതികളും കൊയിലാണ്ടിയുടെ എം.എൽ.എ.-യായി നിയമസഭയിലെത്തിയപ്പോൾ ജനങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതിന് വലിയ മുതൽക്കൂട്ടായി മാറി. 2010-ൽ കാനത്തിൽ ജമീല ജില്ലാ പഞ്ചായത്തിൽ

പ്രവർത്തിക്കുമ്പോഴാണ് 'സ്നേഹസ്പർശം' പദ്ധതിക്ക് തുടക്കമിട്ടത്. ഇന്നും അത് അവരുടെ പേരിൽ പരാമർശിക്കപ്പെടുന്ന എന്നിടത്ത് ദീർഘവീക്ഷണമുള്ള ഒരു നേതാവിനെ കാണാൻ കഴിയും. കേരള മാതൃകയായ സ്ത്രീശാക്തീകരണമാണ് 25 വർഷമായി തുടരുന്ന പൊതുപ്രവർത്തനത്തിന് കരുത്തെന്ന് ജമീല പറഞ്ഞത് ഞാൻ ഓർക്കുന്നു. സി.പി.ഐ.(എം.)-നും ഇടതുപക്ഷ പ്രസ്ഥാനത്തിനും മാത്രമല്ല; വിശിഷ്യാ സഹപ്രവർത്തകർക്കും നാട്ടുകാർക്കും നന്മ മാത്രം ആഗ്രഹിച്ച് അതിനുവേണ്ടി മാത്രം പ്രവർത്തിച്ച കാനത്തിൽ ജമീലയുടെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അനുശോചനം അറിയിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കാനത്തിൽ ജമീല എന്ന എന്റെ പ്രിയ സഹോദരിയെ ഓർക്കുമ്പോൾ അവർ ആദ്യമായി ഈ സഭയിലെത്തിയ ദിവസം ഞാൻ ഓർക്കുകയാണ്. ഒരിക്കൽ കൊയിലാണ്ടിയിലെ ഏറ്റവും വലിയ ഗ്രൗണ്ടിൽ എന്റെ സുഹൃത്തുക്കളുമായി നിന്ന സാഹചര്യത്തിൽ അവിടെയുള്ള ഒരു സഖാവിനോട് "ഇവിടെയാണ് ഇന്ദിരാഗാന്ധി മുമ്പ് പ്രസംഗിച്ച സ്ഥലം" എന്നകാര്യം പറഞ്ഞു. അവിടെ

ഒരു സ്റ്റേജുണ്ടായിരുന്നു. അപ്പോൾ ആ സഖാവ് തിരിച്ച് എന്നോട് ഞങ്ങളുടെ ഇന്ദിരാഗാന്ധിയുടെ ചിത്രമാണ് ഈ തിരഞ്ഞെടുപ്പ് പോസ്റ്ററിലുള്ളതെന്ന് പറഞ്ഞു. ഇന്ദിരാഗാന്ധിക്ക് ഇന്ത്യയിലുണ്ടായിരുന്ന സ്ഥാനമായിരുന്നു ആ നിയോജകമണ്ഡലത്തിൽ കാനത്തിൽ ജമീലയ്ക്ക് ജനങ്ങളുടെ മനസ്സിലുണ്ടായിരുന്ന മുഖമെന്നാണ് അതിലൂടെ എനിക്ക് മനസ്സിലായത്. വളരെ ആകർഷകമായിട്ടുള്ള അവരുടെ വ്യക്തിത്വമായിരുന്നു അവരുടേത്. എല്ലാകാര്യങ്ങളിലും ഇടപെടാനുള്ള കഴിവും അവർക്കുണ്ടായിരുന്നു. ശത്രുക്കളോടായാലും സുഹൃത്തുക്കളോടായാലും നന്നായി ഇടപെടുന്നൊരു വ്യക്തിത്വമാണ് ഇന്ന് നമുക്ക് നഷ്ടമായിരിക്കുന്നത്. സ്ത്രീശാക്തീകരണത്തിന്റെ മുഖമായി കേരളത്തിൽ മാറിയിട്ടുള്ള പ്രത്യേകിച്ച് മുസ്ലീം സമൂഹത്തിൽ ഏറ്റവും നല്ല രീതിയിൽ ആ സ്ഥാനം അലങ്കരിച്ച പ്രിയപ്പെട്ട സഹോദരിക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ കുടുംബാംഗങ്ങളെല്ലാം ഗ്യാലറിയിലെത്തിയിട്ടുണ്ട്. ഞാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, വളരെയധികം ദുഃഖത്തോടെയാണ് പ്രിയപ്പെട്ട സഹോദരി കാനത്തിൽ ജമീലയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന വാർത്ത കേട്ടത്. ഉടനെ അവിടെ വിളിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. വളരെ അത്ഭുതത്തോടെയാണ് കാര്യങ്ങൾ ശ്രവിച്ചത്. കാരണം ജമീല എന്ന സഹോദരി വളരെ സുസ്മേരവദനയായി നമ്മോടൊപ്പം പെരുമാറുകയും വളരെ ഊർജ്ജസ്വലയായി ആരോഗ്യക്കുറവും ഉണ്ടെന്ന് വിശ്വസിക്കാൻ കഴിയാത്ത രൂപത്തിലായിരുന്നു അവരുടെ പ്രവർത്തനങ്ങൾ. അതുകൊണ്ടുതന്നെ കേട്ട കാര്യങ്ങൾ വിശ്വസിക്കാൻ സാധിച്ചില്ല. പിന്നീട് അങ്ങോട്ട് ഓരോദിവസവും എന്തായി എന്തായി എന്ന് അന്വേഷിക്കുമ്പോഴൊക്കെ വളരെ വേദനിപ്പിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരുന്നത്. അവസാനം അവർ നമ്മെ വിട്ടുപിരിഞ്ഞുവെന്ന് പറഞ്ഞപ്പോൾ ഒരിക്കലും വിശ്വസിക്കാനാകാത്ത സ്ഥിതിയാണുണ്ടായത്. കഴിഞ്ഞകാലങ്ങളിൽ സഭയുടെ പ്രവർത്തക, സ്ഥാനാർഥി, പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്ന കാലത്ത് ആ ജില്ലയുടെ സമഗ്രവികസനം എല്ലാ

മേഖലകളിലും അതായത് കാർഷിക ഫാമുകൾ പുനരുദ്ധരിക്കാൻ വേണ്ട ആവശ്യങ്ങളുമായി വരുമ്പോൾ അതൊക്കെ ചെയ്തുകൊടുക്കാൻ സാധിച്ചത് അവരുടെ പെരുമാറ്റവും കാര്യങ്ങളുംകൊണ്ടാണ്. അങ്ങനെ എല്ലാ നിലയിലും ഊർജ്ജസ്വലയായി ഇടപെട്ട് പ്രവർത്തിക്കുകയും അവസാനം നമ്മെ വിട്ടുപിരിഞ്ഞ കാനത്തിൽ ജമീലയുടെ മൃതശരീരത്തിൽ ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയപ്പോൾ വളരെ വേദനയോടെ അവരുടെ മുഖം കണ്ടത്. കാരണം, അപ്പോഴും ആ മുഖത്തിന് യാതൊരു മാറ്റവുമുണ്ടായിരുന്നില്ല. ആ ദുഃഖത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, അങ്ങേയറ്റത്തെ ഹൃദയവേദനയോടെയാണ് ഈയൊരു അനുശോചന യോഗത്തിൽ സംസാരിക്കേണ്ടിവരുന്നത്. ഇന്നലെവരെ നമ്മോടൊപ്പം ഇവിടെയുണ്ടായിരുന്ന പ്രിയ സഹോദരി, സഖാവ് കാനത്തിൽ ജമീല ഇന്ന് നമ്മോടൊപ്പമില്ല. അവർ നിയമസഭയിൽ വരുന്നതിനുമുമ്പേ എനിക്ക് അവരുമായി വ്യക്തിപരമായ ബന്ധമുണ്ട്. കോഴിക്കോട് ജില്ലയിൽ ഞങ്ങളൊന്നിച്ച് രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഉണ്ടായിരുന്നു. ശക്തമായ സ്ത്രീപക്ഷ രാഷ്ട്രീയം മുന്നോട്ടുകൊണ്ടുപോകുന്നതിൽ അവർ എപ്പോഴും

മുൻപന്തിയിലായിരുന്നു. പലപ്പോഴും സ്ത്രീപക്ഷ രാഷ്ട്രീയം എങ്ങനെ പ്രാവർത്തികമാക്കണമെന്നതിനെ സംബന്ധിച്ച് പലഘട്ടത്തിൽ ഞങ്ങൾ തമ്മിൽ സംസാരിക്കുകയും പല യോഗങ്ങളിൽ അത്തരത്തിൽ നേരത്തെ ബന്ധപ്പെടുകയും ചെയ്തിട്ടുണ്ട്. മഹിളാ അസോസിയേഷനിൽ നേരത്തെ ഞങ്ങളൊന്നിച്ച് പ്രവർത്തിച്ചിരുന്നു. പിന്നീട് രാഷ്ട്രീയമായി വ്യത്യസ്ത ചേരിയിലാണെങ്കിലും ആ വ്യക്തിബന്ധങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ അവർ എന്നും താൽപര്യം കാണിച്ചിരുന്നു. വ്യക്തിപരമായ വേദനകളിലും സന്തോഷങ്ങളിലുമൊക്കെ പലപ്പോഴും ഒന്നിച്ചുനിൽക്കാനും അതിനൊക്കെ രാഷ്ട്രീയ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും അതിലൊരു മാറ്റവും അവർക്കുണ്ടായിരുന്നില്ല. 'ജമീലത്ത' എന്ന് ഞങ്ങളെല്ലാവരും വിളിച്ച് ഒരു സഹോദരിയെപ്പോലെ അവരുടെ കൂടെ നിൽക്കാൻ അവസാനം വരെയും സാധിച്ചു. കഴിഞ്ഞ സഭാസമ്മേളന സമയത്ത് അസുഖമായി ഹോസ്പിറ്റലിൽനിന്നും വിളിച്ചപ്പോൾ വളരെ വേദനയോടെ സഭയിൽ പങ്കെടുക്കാത്തതിന്റെ ഒരു പ്രയാസം അവർ പങ്കുവച്ചിരുന്നു. പക്ഷേ അടുത്ത സഭയിൽ ഞാൻ എന്തായാലുമുണ്ടാകുമെന്നും രോഗം ഭേദമായി തിരിച്ച് ഈ

സഭയിലെത്താൻ സാധിക്കുമെന്നുമുള്ള ആത്മവിശ്വാസം അവർക്കുണ്ടായിരുന്നു. പക്ഷേ വളരെ പെട്ടെന്നാണ് അസുഖം മൂർച്ഛിച്ച് അവർ നമ്മെ വിട്ടുപോകുന്ന സാഹചര്യമുണ്ടായത്. എപ്പോഴും എല്ലാവരോടും ചിരിക്കാനും മനുഷ്യ പക്ഷത്തുനിന്ന് സ്നേഹത്തോടെ പെരുമാറാനും എല്ലാ മനുഷ്യരെയും ചേർത്തുനിർത്താനും അവർക്ക് സാധിച്ചിരുന്നു. രാഷ്ട്രീയമോ മതമോ ജാതിയോ നോക്കാതെ എല്ലാ മനുഷ്യരുടെയും പ്രയാസങ്ങളെ ചേർത്തുനിർത്താൻ സാധിച്ച ഏറ്റവും നല്ലൊരു സഖാവായിരുന്നു സഖാവ് ജമീലത്ത. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസിഡന്റായിരുന്ന സമയത്തൊക്കെ തിളക്കമാർന്ന വ്യക്തിമുദ്ര പതിപ്പിക്കുന്ന നിരവധി പ്രവർത്തനങ്ങൾ ഓരോ സമയത്തും നടത്താനും അത് രേഖപ്പെടുത്തിവയ്ക്കാനും അവർക്ക് സാധിച്ചിരുന്നു. തിളക്കമാർന്ന പ്രവർത്തനങ്ങളാണ് ഓരോ മേഖലയിലും അവർ നടത്തിയത്. അവർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ നടത്തിയ 'സ്നേഹസ്പർശം' പദ്ധതി എടുത്തുപറയേണ്ട നിരവധി പ്രവർത്തനങ്ങളിലൊന്നാണ്. എല്ലാ പ്രവർത്തനങ്ങളിലും അത്തരത്തിൽ ഒരു അടയാളപ്പെടുത്തലുണ്ടാക്കാൻ ബോധപൂർവമായ ഒരു ശ്രമം അവർ നടത്തിയിരുന്നു. സ്ത്രീകൾക്ക് പലപ്പോഴും

ഇത്തരത്തിൽ പ്രവർത്തനം നടത്താൻ സാധിക്കില്ലെന്ന് ധരിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ഏറ്റവും നന്നായി ഗ്രാമപഞ്ചായത്തിലായാലും ജില്ലാ പഞ്ചായത്തിലായാലും ഒരു സ്ത്രീക്ക് നേതൃത്വം നൽകാൻ സാധിക്കുമെന്ന് അവർ തെളിയിച്ചു. അത്തരത്തിൽ മുന്നോട്ടുപോകാൻ അവർക്ക് സാധിച്ചു. നാം അതിനെ അഭിമാനത്തോടെയാണ് കണ്ടത്. ഒരുപക്ഷേ അസുഖമായി ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന അന്ന് അവസാനം ഇവർ സഭയിൽ നടത്തിയ പ്രസംഗത്തിൽ ഞങ്ങൾ തമ്മിൽ വലിയ വാഗ്വാദങ്ങളുണ്ടായിരുന്നു. പക്ഷെ സഭ കഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ വളരെ സ്നേഹത്തോടെ ചേർത്തുനിർത്തി എല്ലാകാര്യങ്ങളും ചോദിച്ചറിയാനും അവർ എപ്പോഴും താൽപര്യം പ്രകടിപ്പിച്ചിരുന്നു. അവരുടെ ഓർമ്മകൾ ഒരിക്കലും മായുന്നില്ല. ഇവിടെയുള്ള സ്ക്രീനിൽ തെളിഞ്ഞുവരുന്ന ചിത്രങ്ങളൊക്കെ നമ്മെ വല്ലാതെ പ്രയാസപ്പെടുത്തുന്ന ഒന്നാണ്. വളരെ വേദനയോടെയാണ് ഈ അനുശോചനത്തിൽ സംസാരിക്കുന്നത്. അവരുടെ ഓർമ്മകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതോടൊപ്പം അനുശോചനവും രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, കാനത്തിൽ ജമീലയെപ്പറ്റി അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷിനേതാക്കളും പറഞ്ഞ എല്ലാ അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. ഞാൻ സാധാരണ എം.എൽ.എ. ഹോസ്റ്റലിൽനിന്ന് അസംബ്ലിയിലേക്ക് പോകുമ്പോൾ എം.എൽ.എ.-മാർ ആരെങ്കിലും അവിടെ നിൽക്കുമ്പോൾ അസംബ്ലിയിലേയ്ക്കാണെങ്കിൽ പോരാമെന്ന് പറയും. അങ്ങനെ ഒരു ദിവസം കാനത്തിൽ ജമീല എന്നോടൊപ്പം വാഹനത്തിൽ കയറി. എനിക്ക് മലബാർ ഭാഷ കേൾക്കുന്നത് ഇഷ്ടമാണ്. വാഹനത്തിൽ കയറിയ ഉടനെ കാനത്തിൽ ജമീല എന്നോട് ചോദിച്ചു "നിങ്ങൾ മടപ്പള്ളി കോളേജിൽ പഠിച്ചിട്ടുണ്ടല്ലേ, നിങ്ങൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി വോളിബോൾ ടീമിന്റെ ക്യാപ്റ്റനായിരുന്നല്ലേ" എന്ന്. ഞാൻ പറഞ്ഞു, അതെ എന്ന് പറഞ്ഞ ഞാൻ ഇതെങ്ങനെ അറിയാമെന്ന് ചോദിച്ചപ്പോൾ, ഈ നിയമസഭയിലെ 140 അംഗങ്ങളെപ്പറ്റിയും ഞാൻ പഠിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞു. അങ്ങനെ എല്ലാവരോടും സ്നേഹത്തോടെ, ചിരിച്ച മുഖത്തോടെ പെരുമാറിയിരുന്ന ആ മഹത് വ്യക്തിത്വത്തിന്റെ ഓർമ്മകൾക്ക് മുമ്പിൽ ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ: അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ജനുവരി 22-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 09.51-ന് പിരിഞ്ഞു.)

******